# 13

# നിഷ്കളങ്കനായ ഗുരുശ്രേഷ്ഠൻ

ഫാ. പോൾ ബ്ലെയിസ് കടിച്ചീനി സി.എം.ഐ.

അമ്പഴക്കാട് നവസന്യാസ പരിശീലനകാലഘട്ടത്തിൽ സഭ പരീക്ഷിച്ച ഒരു സംവിധാനമായിരുന്നു, മൂന്ന് ഗുരുക്കന്മാർ. ഈ പരീക്ഷണം ഒരു പരിധിവരെ 1980 കാലഘട്ടങ്ങളിൽ വിജയിച്ചുവെന്ന് പറയാം. കാരണം മൂന്ന് വ്യത്യസ്തപ്രായത്തിലുള്ള വൈദീകരായിരുന്നു അന്ന് ആ നവ സന്യാസ കാലഘട്ടത്തിൽ പരിശീലനത്തിനായി അവിടെയുണ്ടായി രുന്നത്. അതിൽ ഞങ്ങളുടെ പ്രധാനപ്പെട്ട ഗുരുവായിരുന്നു പോൾ ബ്ലയിസച്ചൻ. ഞാൻ അമ്പഴക്കാട്ടുനിന്നും ബസ്സ് കയറി ഇരിങ്ങാല ക്കുടയിൽ ചെന്ന് എന്റെ ഗുരുവച്ചനെ സന്ദർശിച്ചു. കഴിഞ്ഞകാലങ്ങൾ ചർച്ചാവിഷയമായി. ഡൺസ്റ്റനച്ചനെക്കുറിച്ച് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞ ഒരു വാചകം വളരെ പ്രസക്തിയേറിയതായി തോന്നി. അദ്ദേഹം പറഞ്ഞതിങ്ങനെയാണ്: "നിഷ്കളങ്കതയും, ജീവിതലാളി ത്യവും, താപസജീവിതശൈലിയും, ക്ഷമയും സഹോദരസ്നേഹവും വിളങ്ങിനിന്നിരുന്ന ഒരു സി.എം.ഐ. സന്യാസവൈദികനായിരുന്ന ഡൺസ്റ്റനച്ചൻ." ഈ വാചകത്തിൽ എല്ലാം സംഗ്രഹിച്ചിട്ടുണ്ടെന്ന് തോന്നുന്നു. ഈ പറഞ്ഞ വാക്കുകളിൽ ഒരു വാക്കുപോലും എടുത്തു കളയുവാൻ സാധിയ്ക്കുമോയെന്ന് സംശയമാണ്. അതുപോലെ തന്നെ അദ്ദേഹം പറഞ്ഞ രണ്ടാമത്തെ അതിമനോഹരവും ഹൃദയസ്പർശി യുമായ ഒരു വാചകമുണ്ട്: "വൈദികവിദ്യാർത്ഥികളുടെ പരീശിലന ത്തിൽ അദ്ദേഹത്തിന് ക്ഷമാപൂർവ്വകമായ ഒരു സമീപനവുമായിരുന്നു. തെറ്റുകൾ തിരുത്തിയിരുന്നത് വിദ്യാർത്ഥികളുടെ ആത്മാഭിമാനത്തിന് ഒരു ക്ഷതവും വരാത്തവിധത്തിലായിരുന്നു."

ഒരു വ്യക്തിത്വത്തിന്റെ അതിമനോഹരമായ ഒരു വാചകമാണ് നാം കണ്ടത്. ഡൺസ്റ്റനച്ചൻ ഏവരേയും സ്നേഹിക്കുമായിരുന്നു. ഏവ രേയും സ്നേഹിക്കുന്നതുകൊണ്ട് തന്നെ അവരുടെ പരിശീലനകാല ഘട്ടത്തിൽ ഏവരുടേയും തെറ്റുകൾ കണ്ടാൽ സ്നേഹപൂർവ്വം തിരു ത്തികൊടുക്കുമായിരുന്നു. ഇത് അദ്ദേഹത്തിന്റെ കർത്തവ്യത്തിൽപെട്ട



Kadicheeni, Paul Blaze. "Nishkalanganaya Gurushreshtan" in Dheerghadarshi: Dunstonachan by W. J. Tharayil, pages 58-60, Coimbatore: Preshitha Communications, 2020.

തായിരുന്നു. പക്ഷേ, അർത്ഥികളുടെ ആത്മാഭിമാനത്തിന് ക്ഷതമേൽപ്പിക്കാതെ തിരുത്തുകയെന്ന് പറയുന്നത് ദൈവികമാണ്. ഇവിടെയാണ് ഡൺസ്റ്റനച്ചൻ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തനാകുന്നത്. സഭയിലുള്ളവരും, സഭയ്ക്ക് പുറത്തുപോയവരും ഒരേ സ്വരത്തിൽ ഇക്കാര്യം സത്യമായിരുന്നുവെന്ന് തുറന്നുപറയും. ഒരു പക്ഷേ മറ്റുള്ളവരിൽ നിന്നും ഈ വൈദികനെ വ്യത്യസ്തനാക്കുന്നതും ഈ ദൈവികഗുണമായിരിക്കും. ദൈവത്തിന്റെ പ്രത്യേകവരം ലഭിച്ചിട്ടില്ലാത്തവർക്ക് ഇങ്ങനെ പെരുമാറുവാൻ സാധിക്കുമോ?

ബ്ലെയിസ് കടിച്ചീനിയച്ചൻ പറയുന്ന മറ്റൊരു കാര്യമുണ്ട്. ഡൺസ്റ്റനച്ചൻ എന്നും കുട്ടികളുടെ ഭാഗത്താണ് നിൽക്കുക. ഇക്കാര്യം പറയുമ്പോൾ അതിൽ അന്തർലീനമായിക്കിടക്കുന്ന ഒരു സത്യമുണ്ട്. അതായത്, കുട്ടികൾ എപ്പോഴും കുട്ടികളാണ്. അവരുടെ ചെറുപ്രായത്തിൽ കുറ്റങ്ങളും, കുറവുകളുമുണ്ടാകും. അതിനെ അതിന്റേതായ വിധത്തിൽ കണ്ടു കൊണ്ടുവേണം നാം അവരോട് പെരുമാറുവാനും, അവരെ മനസ്സിലാക്കുവാനും. ഈ രഹസ്യങ്ങൾ അദ്ദേഹം അദ്ദേഹത്തിന്റെ ജീവിതപരിചയത്തിൽ നിന്നും നേടിയെടുത്തതാണ്. ഏതൊരു കുഞ്ഞിനേയും, അവന്റെ ആ പ്രായത്തിൽ തന്നെ സ്വീകരിക്കുവാനും, പരിശീലിപ്പിക്കാനും, സ്നേഹിക്കുവാനും അദ്ദേഹത്തിന് കഴിഞ്ഞിരുന്നു.

ബ്ലെയിസച്ചൻ ഡൺസ്റ്റനച്ചനെക്കുറിച്ച് പറയുമ്പോൾ വിരൽ ചൂണ്ടുന്ന ഒരു ഗ്രന്ഥമുണ്ട്. ഫാ. തോമസ് അമ്പൂക്കൻ 'ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാമിലി കൗൺസിലിങ്ങ്' നിന്നും പ്രസിദ്ധീകരിച്ച 'അമർത്ത്യരായ ആചാര്യന്മാർ' എന്ന പുസ്തകം. അതിൽ ഡൺസ്റ്റനച്ചനെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. അദ്ദേഹം ഡൺസ്റ്റനച്ചന്റെ മറവിയെക്കുറിച്ച് പറഞ്ഞിരിക്കുന്ന ഭാഗത്ത് ഡൺസ്റ്റനച്ചന്റെ 'വിശുദ്ധമറവി'യെന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്.

'വിശുദ്ധമറവി'യെന്നു പറയുന്നതിന്റെ കാരണത്തെക്കുറിച്ച് ബ്ലെയിസച്ചൻ പറയുന്നതിങ്ങനെയാണ്: "അച്ചന്റെ മറവി ഒരു രോഗം പോലെ ആയിരുന്നെങ്കിലും അതുമൂലം സംഭവിക്കുന്ന അബദ്ധങ്ങൾക്ക് അദ്ദേഹം ക്ഷമ ചോദിക്കുകയും, നഷ്ടങ്ങൾ പരിഹരിക്കുകയും ചെയ്യുമായിരുന്നു." എന്നു പറഞ്ഞാൽ അദ്ദേഹത്തിന്റെ ഈ മറവിക്ക് ഉത്തരവാദിത്വം അദ്ദേഹം സ്വയം ഏറ്റെടുത്ത്, അത് തന്റെ ഒരു അപാകതയാണെന്ന് അംഗീകരിച്ച്, അതിന് പരിഹാരം ചെയ്ത് ദൈവതിരുമുമ്പാകെയും, മനുഷ്യരുടെ മുമ്പാകെയും ജീവിച്ചിരുന്നുവെന്ന് മനസ്സിലാക്കാം.

ബ്ലെയിസച്ചന്റെ ഏറ്റവും വലിയ പ്രത്യേകത അധികഭാഷണമില്ലായെന്നതാണ്. എന്തെങ്കിലും പറഞ്ഞാൽ അതിൽ കഴമ്പുണ്ടായിരിക്കും. ബ്ലെയിസച്ചൻ ഡൺസ്റ്റനച്ചനെക്കുറിച്ച് പറഞ്ഞവസാനിപ്പിക്കുന്നതിങ്ങനെയാണ്: "നിഷ്ക്കളങ്കനായ ഈ ഗുരുശ്രേഷ്ഠൻ സി.എം.ഐ. സഭയ്ക്ക് ലഭിച്ച ഒരമൂല്യനിധിയായിരുന്നു. അദ്ദേഹത്തിന്റെ കാരുണ്യവും, വിശ്വാസവും, സഹോദരസ്നേഹവും നമ്മുടെ മുമ്പിൽ വഴിവിളക്കായി എന്നും നിലനിൽക്കും." വളരെ ചുരുങ്ങിയ വാക്കുകളാണ് ബ്ലെയിസച്ചൻ പറഞ്ഞതെങ്കിലും, അദ്ദേഹത്തിന്റെ വാക്കുകളിൽ എല്ലാം അദ്ദേഹം സംഗ്രഹിച്ചിട്ടുണ്ട്.

ഡൺസ്റ്റനച്ചന്റെ പരിശീലനം ലഭിച്ച് സി.എം.ഐ. സഭയുടെ അകത്തും, പുറത്തും ജീവിക്കുന്ന അനേകം പേരുണ്ട്. അവർ അദ്ദേഹത്തെ ഇടയ്ക്കിടെ വന്നു കാണുമായിരുന്നു. അതിനും ഒരു കാരണമുണ്ട്: ദൈവത്തിന്റെ വിളിയെക്കുറിച്ച് അദ്ദേഹത്തിന് വലിയ കാഴ്ചപ്പാടുണ്ടായിരുന്നു. ദൈവവിളിയെ ചെറിയ ചിന്തകളിലൊതുക്കാതെ വിശാലമായി അദ്ദേഹം ചിന്തിച്ചിരുന്നു, ചിന്തിപ്പിച്ചിരുന്നു. കുടുംബജീവിതത്തെയും സന്യാസജീവിതത്തേയും വേറിട്ട് കണ്ടിരുന്നെങ്കിലും, ത്രാസിൽ തൂക്കി ഓരോന്നിനേയും താരതമ്യം ചെയ്തിരുന്നില്ല. ഓരോ ദൈവവിളിക്കും അതിന്റേതായ മാഹാത്മ്യമുണ്ടെന്നും, അത് വിശ്വസ്തതയോടെ കാത്തുപരിപാലിക്കണമെന്നും അദ്ദേഹം തന്റെ പരിശീലനകാലഘട്ടത്തിൽ അർഥികളെ പഠിപ്പിച്ചിരുന്നു. ആയതുകൊണ്ടാണ് കുടുംബജീവിതം തിരഞ്ഞെടുക്കുന്ന യോഗാർത്ഥികളും, അവരുടെ ജീവിതകാലഘട്ടത്തിൽ അവരുടെ 'ഗുരു'വിനെ കാണുവാനും, ഉപദേശങ്ങൾ സ്വീകരിക്കുവാനും വരുന്നതെന്നുള്ള സത്യം നമുക്ക് മനസ്സിലാക്കാവുന്നതാണ്.

യേശുവിന്റെ മഹത്തായ ചിന്തകളെ സ്വന്തം ജീവിതത്തിൽ വഹിച്ചിരുന്ന ഒരു വ്യക്തിയായിരുന്നതുകൊണ്ട്, എല്ലാവരേയും അവരായിരിക്കുന്ന വിധത്തിൽ മനസ്സിലാക്കുവാനും, അംഗീകരിക്കുവാനും അദ്ദേഹത്തിന് കഴിഞ്ഞിരുന്നുവെന്നതിന്റെ പരിപൂർണ്ണമായ തെളിവാണ് സഭ ഉപേക്ഷിച്ച് കുടുംബജീവിതത്തിൽ പ്രവേശിക്കുന്ന അദ്ദേഹത്തിന്റെ മക്കൾ, ഇടയ്ക്കിടയ്ക്ക് വന്ന് കാണുകയും, ഉപദേശങ്ങൾ ചോദിക്കുകയും ചെയ്യുന്നത് ഒരു പക്ഷേ ഡൺസ്റ്റനച്ചൻ എന്ന ദീർഘദർശിയുടെ വേറിട്ട ഒരു പ്രത്യേകതയായി പറയാം.